ജീവനക്കാരുടെയും ലഭ്യത പരിഗണിച്ചാണ് ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുന്നത്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പദവി ഉയർത്തിയാണ് താലൂക്കാശുപത്രിയാക്കുന്നത്. നൂറിലധികം കിടക്കകളും അതിനാവശ്യമായ അടിസ്ഥാന സൗകര്യവുമുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളാണ് പദവി ഉയർത്തി താലൂക്കാശുപത്രിയാക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ച് സ്ഥാപനങ്ങളെ ജനറൽ ആശുപത്രികളായും 39 സ്ഥാപനങ്ങളെ താലൂക്ക് ആശുപത്രികളായും പദവി ഉയർത്തിയിട്ടുണ്ട്. ജനറൽ ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. അടൂർ ജനറൽ ആശുപത്രി 2. ആലപ്പുഴ ജനറൽ ആശുപത്രി 3. മൂവാറ്റുപുഴ ജനറൽ ആശുപത്രി 4. മഞ്ചേരി ജനറൽ ആശുപത്രി 5. കാസർഗോഡ് ജനറൽ ആശുപത്രി. താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പവർ പദ്ധതി

52(750) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ;

(സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഇതിന്റെ ഗുണഫലം ലഭ്യമായെന്നും എത്ര തുക ഇതിനായി വിനിയോഗിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി മുഖേനയുള്ള സേവനം ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കുടുംബ വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപ വരെയുള്ള രോഗികൾക്ക് ചികിത്സാ ധനസഹായത്തിന് അർഹതയുണ്ട്. സൊസൈറ്റിയുടെ അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. സർക്കാരിൽനിന്നും ലഭിച്ച ആനുകൂല്യങ്ങൾക്കുപുറമേ ചികിത്സയ്ക്ക് രോഗിയുടെ കയ്യിൽനിന്നും ചെലവാകുന്ന അധിക

LIBRARY ARCHIVES Kerala Legislative Assembly

ഉക ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ലഭിക്കാൻ രോഗിക്ക് അർഹതയുണ്ടായിരിക്കും.

(ബി) മാരകമായ രോഗങ്ങൾമൂലം പ്രയാസപ്പെടുന്ന പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുകയാണ് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ എന്ന പദ്ധതിയുടെ ലക്ഷ്യം. സൊസൈറ്റിക്ക് മുമ്പാകെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ളതായ രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച് മുൻകൂറായി കൈപ്പറ്റുരസീത് വാങ്ങി രോഗിയുടെ പേരിലുള്ള അക്കൗണ്ടിലൂടെ മാറാവുന്ന ചെക്ക് രജിസ്റ്റേർഡ് തപാലിൽ രോഗിക്ക് അയച്ചു കൊടുക്കുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.

(ഡി) വിശദാംശങ്ങൾ അനുബന്ധം -II ആയി ചേർത്തിരിക്കുന്നു. *

**ഡയാലിസിസ് സെന്റർ**

53(751) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടും നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തെക്കേക്കര മരണിക്കാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ.യുടെ നിർദ്ദേശാനുസരണം പുതിയ കെട്ടിടം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത കെട്ടിടത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബഹുമാനപ്പെട്ട എം.എൽ.എ.- യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ച എസ്റ്റിമേറ്റ് ധനവകുപ്പ് പരിശോധിക്കുകയും തസ്തിക സൃഷ്ടിക്കൽ ആവശ്യമായി വരുമെന്നതിനാൽ ഭരണാനുമതി നൽകുകയുമുണ്ടായില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly